# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8141** **24.07.2012- ൽ മറുപടിക്ക്**

**കൈത്തറി മേഖലയുടെ പരിപോഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.എ.വഹീദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) |
| (എ) വർദ്ധിത വിപണി ഉണ്ടായിട്ടും ശോഷിച്ചുകൊണ്ടിരിക്കുന്ന കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റിവൈവൽ,റിഫോം ആന്റ് റിസ്ട്രക്ചറിംഗ് പാക്കേജ് ഫോർ ഹാന്റ്ലൂം സെക്ടർ. ഈ പാക്കേജനുസരിച്ച് 31.03.10-ൽ ബാങ്കിൽ/ധനകാര്യ സ്ഥാപനത്തിൽ കുടിശ്ശികയായ വായ്പതുകയുടെ 100% വും നോൺ പെർഫോമിംഗ് അസറ്റ്സ് ആകുന്ന തീയതി വരെയുള്ള പലിശയുടെ 25% വും ഒഴിവാക്കിക്കിട്ടുന്നതിന് വയബിൾ/പൊട്ടൻഷ്യലി വയബിൾ വിഭാഗത്തിൽപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾക്കും അപ്പക്സ് സഹകരണ സംഘത്തിനും അർഹതയുള്ളതാണ്. കൂടാതെ വ്യക്തിഗത നെയ്ത്തുകാർ, നെയ്ത്തുകാരുടെ സ്വയം സഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, മാസ്റ്റർ വീവർമാർ എന്നീ വിഭാഗങ്ങൾക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. പുതിയ വായ്പ ഈ ധനകാര്യ സ്ഥാപനങ്ങൾ ഈ യൂണിറ്റിന് നൽകിയിരിക്കണമെന്ന വ്യവസ്ഥയുണ്ട്. അപ്രകാരം നൽകുന്ന വായ്പയ്ക്ക് 3% പലിശ സബ്സിഡി 3 വർഷത്തേയ്ക്ക് നൽകുന്നതാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി ആനുകൂല്യം 50,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(ബി) കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

വയബിൾ/പൊട്ടൻഷ്യലി വയബിൾ സഹകരണ സംഘങ്ങളുടേയും വ്യക്തിഗത നെയ്ത്തുകാരുടേയും, സ്വയം സഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, മാസ്റ്റർ വീവർമാർ എന്നിവരുടേയും കുടിശ്ശികയായിട്ടുള്ള വായ്പയും പലിശയും ഒഴിവാക്കി പുതിയ വായ്പ നൽകിക്കൊണ്ട് അവയുടെ മൂലധനം പുനക്രമീകരിച്ച് പ്രവർത്തനസജ്ജമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ഈ പദ്ധതി പ്രകാരം വയബിൾ/പൊട്ടൻഷ്യലി വയബിൾ എന്നീ രണ്ട് കാറ്റഗറികളിൽപ്പെട്ട സംഘങ്ങൾക്കാണ് ആനുകൂല്യം ലഭ്യമാക്കുക. വയബിൾ കാറ്റഗറിയിൽപ്പെട്ട സംഘങ്ങൾക്ക് കഴിഞ്ഞ 3 വർഷങ്ങളിൽ ഉപയോഗക്ഷമത, ബ്രേക്ക് ഇവൻ പോയിന്റിനു തുല്യമോ അതിന് മുകളിലോ ആയിരിക്കണം. നെറ്റ് വർത്ത് പോസിറ്റീവ് ആയിരിക്കണം. കഴിഞ്ഞ 3 വർഷങ്ങളിലെ ശരാശരി ഉല്പാദനത്തിന്റെ 75% എങ്കിലും വില്പന നടത്തിയിരിക്കണം. 31.03.10 വരെ ആഡിറ്റ് പൂർത്തിയായ സംഘങ്ങളെ മാത്രമാണ് പരിഗണിക്കുക. കൂടാതെ ക്യാഷ് ക്രെഡിറ്റ് വർഷത്തിൽ 2 തവണയെങ്കിലും പൂർണ്ണമായി വിനിയോഗിക്കുകയും അത്രയും തുക 2 തവണയെങ്കിലും അക്കൗണ്ടിലേയ്ക്ക് തിരിച്ചടവ് ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്.

പൊട്ടൻഷ്യലി വയബിൾ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾ, നെറ്റ് വർത്ത് പോസിറ്റീവായിരിക്കണം. കഴിഞ്ഞ 5 വർഷങ്ങളിൽ 4 വർഷത്തിൽ കൂടുതൽ പ്രവർത്തന നഷ്ടം ഉണ്ടാകാൻ പാടില്ല. കഴിഞ്ഞ 3 വർഷങ്ങളിലെ ശരാശരി ഉല്പാദനത്തിന്റെ 50% എങ്കിലും വില്പന നടത്തിയിരിക്കണം. 31.03.2010 വരെയുള്ള ആഡിറ്റ് പൂർത്തിയാക്കിയിരിക്കണം. പ്രവർത്തന മൂലധനം/ക്യാഷ് ക്രെഡിറ്റ് തുക വർഷത്തിൽ ഒരു തവണയെങ്കിലും പൂർണ്ണമായി വിനിയോഗിച്ചിരിക്കുകയും, അത്രയും തുക അക്കൗണ്ടിലേയ്ക്ക് തിരിച്ചടവ് ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്. വയബിൾ/പൊട്ടൻഷ്യലി വയബിൾ വിഭാഗ

ബന്ധപ്പെട്ട കൈത്തറി സംഘങ്ങളുടെ സ്പെഷ്യൽ ആഡിറ്റ് നബാർഡ് ആരംഭിച്ചു കഴിഞ്ഞു. ജില്ലാതല മീറ്റിംഗിലും, സംസ്ഥാന മീറ്റിംഗിലും വച്ച് അംഗീകാരം നേടിയതിനുശേഷം ദേശീയതലത്തിൽ അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് സ്പെഷ്യൽ ആഡിറ്റ് റിപ്പോർട്ട് അയച്ചുകൊടുക്കുന്നതാണ്.

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണ്; വിശദമാക്കുമോ? | (സി) നബാർഡ് ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. |

**സെക്ഷൻ ഓഫീസർ**